## നടപടി ക്രമങ്ങൾ
## അഡീഷണൽ ഡയറക്ടർ ജനറൽ എൻ.സി.സി, എൻ.സി.സി ഡയറക്ടറേറ്റ്
## (കേരളവും, ലക്ഷദ്വീപും), സംസ്ഥാന വിഭാഗം, തിരുവനന്തപുരം
## (ഹാജർ: മേജർ ജനറൽ അലോക് ബെറി)

എൻ.സി.സി ജീവനക്കാര്യം - അറ്റൻഡർ തസ്തിക -സ്ഥലം മാറ്റം/തസ്തികമാറ്റം വഴി നിയമനം എന്നിവ അനുവദിച്ച് താത്ക്കാലിക ഉത്തരവ് - പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്

---

നമ്പർ. 3044/എ2/II-എസ്റ്റാ/2022/എൻ.സി.സി      തിരുവനന്തപുരം :      29 ജൂൺ 2022

---

സൂചന:.(1) 14.09.1973 തീയതിയിലെ ജി.ഒ(പി) നമ്പർ 249/73/പി.ഡി നമ്പർ സർക്കാർ ഉത്തരവ്.

(2) 15.01.1993 തീയതിയിലെ ജി.ഒ(പി) നമ്പർ 9/93/പി&എ.ആർ.ഡി നമ്പർ സർക്കാർ ഉത്തരവ്.

(3) 13.04.2022 തീയതിയിലെ ഇതേ നമ്പർ കത്ത്.

1. ഈ കാര്യാലയത്തിൽ അറ്റൻഡർ ഗ്രേഡ്-1 തസ്തികയിൽ സേവനമനുഷ്ഠിച്ചിരുന്ന ശ്രീ. മോഹനൻ എ 30.04.2022 തീയതിയിൽ സേവനത്തിൽ നിന്നും വിരമിച്ചതിനാൽ നിലവിൽ വന്ന ഒഴിവിലേക്ക് ഈ വകുപ്പിൽ ലാസ്റ്റ് ഗ്രേഡ് സർവന്റ് തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന, നിശ്ചിത യോഗ്യതയുള്ള ജീവനക്കാരിൽ നിന്നും തസ്തിക മാറ്റം വഴി അറ്റൻഡർ ഗ്രേഡ്-II തസ്തികയിലേക്ക് സൂചന 3 പ്രകാരം അപേക്ഷകൾ ക്ഷണിച്ചിരുന്നു.

2. പ്രസ്തുത ഒഴിവിലേക്ക് തസ്തിക മാറ്റം വഴിയുള്ള നിയമനത്തിനായി നാല് അപേക്ഷകളും സ്ഥലം മാറ്റത്തിനായി ഒരു അപേക്ഷയും ലഭിക്കുകയുണ്ടായി. പ്രസ്തുത അപേക്ഷകളുടെ സൂക്ഷ്മാവലോകനത്തിൽ, നിലവിൽ തിരുവനന്തപുരം എൻ.സി.സി ഗ്രൂപ്പ് ഹെഡ്ക്വാർട്ടേഴ്സിൽ അറ്റൻഡർ ഗ്രേഡ്-I തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീ. ജയകുമാർ ബി (PEN-669661) യെ തിരുവനന്തപുരം എൻ.സി.സി ഡയറക്ടറേറ്റിൽ നിലവിലുള്ള ഒഴിവിലേക്ക് സ്ഥലം മാറ്റം വഴി നിയമിച്ച് താത്ക്കാലിക ഉത്തരവ് പുറപ്പെടുവിക്കുന്നു.

3. മേൽ സാഹചര്യത്തിൽ ശ്രീ. ജയകുമാർ ബി യുടെ സ്ഥലം മാറ്റം മുഖേന തിരുവനന്തപുരം എൻ.സി.സി ഗ്രൂപ്പ് ഹെഡ്ക്വാർട്ടേഴ്സിൽ നിലവിൽ വരുന്ന ഒഴിവിലേക്ക് സീനിയോറിറ്റി, യോഗ്യത എന്നിവയുടെ അടിസ്ഥാനത്തിൽ താഴെ പറയുന്ന ജീവനക്കാരനെ തസ്തിക മാറ്റം വഴി 23700-52600/- രൂപ ശമ്പള നിരക്കിൽ അറ്റൻഡർ ഗ്രേഡ്-II ആയി നിയമിച്ച് താത്ക്കാലിക ഉത്തരവ് പുറപ്പെടുവിക്കുന്നു.

| ക്രമ നമ്പർ | പേര്/നിലവിലെ തസ്തിക/ഓഫീസ് | പുതിയ തസ്തിക/ഓഫീസ് | റിമാർക്സ് |
|---|---|---|---|
| 1. | ശ്രീ.സുദർശനൻ വി (PEN-668157)<br>ഓഫീസ് അറ്റൻഡന്റ്, ഗ്രേഡ് -1<br>എൻ.സി.സി ഗ്രൂപ്പ് ഹെഡ്ക്വാർട്ടേഴ്സ്<br>തിരുവനന്തപുരം | അറ്റൻഡർ ഗ്രേഡ് -II<br>എൻ.സി.സി ഗ്രൂപ്പ്<br>ഹെഡ്ക്വാർട്ടേഴ്സ്<br>തിരുവനന്തപുരം | |

4. മേൽ സാഹചര്യത്തിൽ ടി സ്ഥലം മാറ്റം/നിയമനം എന്നിവയുമായി ബന്ധപ്പെട്ട് എന്തെങ്കിലും ആക്ഷേപങ്ങൾ/പരാതികൾ ഉണ്ടെങ്കിൽ ആവശ്യമായ രേഖകളോടൊപ്പം 11 ജൂലൈ 2022 നു മുമ്പായി ഈ ഡയറക്ടറേറ്റിനെ അറിയിക്കേണ്ടതാണ്. നിശ്ചിത ദിവസത്തിനു ശേഷം ലഭിക്കുന്ന പരാതികൾ പരിഗണിക്കുന്നതല്ല.

ഒപ്പ്/-

അഡീഷണൽ ഡയറക്ടർ ജനറൽ എൻ.സി.സി

<u>പകർപ്പ്:-</u>

എല്ലാ എൻ.സി.സി ഗ്രൂപ്പ് ഹെഡ്ക്വാർട്ടേഴ്സുകൾക്കും } ഔദ്യോഗിക വെബ്സൈറ്റ് മുഖേന
എൻ.സി.സി ഓഫീസുകൾക്കും

അംഗീകാരത്തോടെ

SAJIMON M
PEN 385602
Administrative Assistant
NCC Directorate (K&L)